**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2833.** **06.02.2018 ൽ മറുപടിയ്ക്ക്**

**മദ്യ-ലഹരി വിരുദ്ധ കാമ്പയിൻ**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.കെ.ബാബു | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മദ്യ-ലഹരി വിരുദ്ധ കാമ്പയിന്റെ ഭാഗമായി സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്ന് വിശദമാക്കാമോ; | എ) | ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'വിമുക്തി' എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ 'കായികലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 'വിമുക്തി' മിഷന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ എട്ടുമണിമുതൽ രാത്രി എട്ടുമണിവരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംങ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന ഡീ-അഡിക്ഷൻ സെന്റർ അന്താരാഷ്ട്ര നിലവാരത്തിലുള്ളതും നിംഹാൻസ് മാതൃകയിലുമായിരിക്കും. ലഹരിമോചന ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും എത്ര തുകയാണ് സർക്കാർ വകയിരുത്തുന്നത് എന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'ക്കായി 2016-17 കാലയളവിലേയ്ക്ക് 10/11/2016 ലെ സ.ഉ.(കൈ) 99/16/നി.വ. പ്രകാരം 7,28,95,000/- (ഏഴ് കോടി ഇരുപത്തെട്ട് ലക്ഷത്തി തൊണ്ണൂറ്റിയയ്യായിരം രൂപ മാത്രം) രൂപയും 2017-18 കാലയളവിലേയ്ക്ക് 21/06/2017 ലെ സ.ഉ(കൈ) 51/17/നി.വ. പ്രകാരം 21,72,86,000/- (ഇരുപത്തൊന്നു കോടി എഴുപത്തിരണ്ടു ലക്ഷത്തി എൺപത്താറായിരം രൂപ മാത്രം) രൂപയും വകയിരുത്തിയിട്ടുളളതാണ്. ഇതിൽ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**